പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 881 — 30.11.2018 ൽ മറുപടിയ്ക്ക്

## തിരുവമ്പാടി മണ്ഡലത്തിലെ വനം കയ്യേറ്റങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോർജ്. എം. തോമസ് | | അഡ്വ .കെ.രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പുമന്ത്രി) |
| എ) | തിരുവമ്പാടി മണ്ഡലത്തിലെ ആനക്കാം പൊയിൽ-മുത്തപ്പൻപുഴ പ്രദേശത്ത് വനം വകുപ്പ് അതിർത്തി നിശ്ചയിച്ച് ജണ്ടയിടുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) | താമരശ്ശേരി റെയിഞ്ചിലെ എടത്തറ സെക്ഷനിൽ 45.50 കി.മീ. വനാതിർത്തി ജണ്ട കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ബാക്കിയുള്ള വനാതിർത്തി ജണ്ട നിർമ്മിച്ച് സംരക്ഷിക്കുന്നതിലേയ്ക്ക് സർവ്വേ നടപടികൾ പുരോഗമിക്കുന്നുണ്ട്. മുൻകാലങ്ങളിൽ വനാതിർത്തി കയ്യേറി കൈവശം വെച്ചു പോന്നവർ ഇവിടെ പലയിടങ്ങളിലും ജണ്ട നിർമ്മാണത്തിന് തടസ്സം നിൽക്കുന്നുണ്ട്. ഈ പ്രദേശത്ത് സർവ്വേ നമ്പർ 163/1-1-2 ൽ (വി.എഫ്.സി. ഐറ്റം 133) ഹൈലൈഫ് ആയുർവേദിക് മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്ന സ്ഥാപനം വനഭൂമി കയ്യേറി ഒരു റിസോർട്ട് സ്ഥാപിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ആയത് ഒഴിപ്പിച്ചിട്ടുണ്ട്. |
| (ബി) | അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കർഷകരെയും | | നിക്ഷിപ്ത വനത്തിൽ അംഗീകരിച്ച് സർവ്വെ സ്കെച്ച് ഉപയോഗിച്ച് ഫോറസ്റ്റ് മിനി സർവ്വെയിൽ നിന്നുള്ള സർവ്വെയർമാരാണ് |

| | | | |
|---|---|---|---|
| | കൈവശക്കാരെയും കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ പരിശോധന നടത്തുന്നതിന് എന്താണ് പ്രയാസം എന്ന് വ്യക്തമാക്കുമോ; | ബി) യും സി) യും | വനാതിർത്തിയുടെ സർവ്വെ നടത്തുന്നത്. ജി.ഒ (എം.എസ്) നം.655/89/റവ തീയതി 31/08/1989 ഉത്തരവിലാണ് സംയുക്ത പരിശോധന നടത്തുന്നതിന്റെ നടപടികൾ വ്യക്തമാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം 1991 കാലത്ത് സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന വീണ്ടും നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | വിഷയം പരിഹരിക്കുന്നതിന് സംയുക്ത പരിശോധനക്ക് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ